# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 716** **29/05/2019-ൽ മറുപടിയ്ക്ക്**

## ജില്ല സഹകരണ ബാങ്കുകളുടെ ഓൺലൈൻ ധനവിനിമയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും കമ്പ്യൂട്ടർ ശൃംഖലയെ തമ്മിൽ ബന്ധിപ്പിച്ചിട്ടുണ്ടോ; എല്ലാ ബാങ്കുകളുടെയും ശാഖകളിൽ നിന്ന് പരസ്പരം ഓൺലൈൻ ധനവിനിമയം നടത്തുന്നതിന് സൗകര്യമുണ്ടോ; വിശദമാക്കുമോ; | (എ) | നിലവിൽ ജില്ലാ സഹകരണ ബാങ്കുകളുടെ കമ്പ്യൂട്ടർ ശൃംഖല പരസ്പരം ബന്ധിപ്പിച്ചിട്ടില്ല. എന്നാൽ ജില്ലാ ബാങ്കുകളുടെ ശാഖകൾ തമ്മിൽ ഓൺലൈൻ ധനവിനിമയം നടത്തുന്നതിനായി RTGS/NEFT, NFS തുടങ്ങിയവ മുഖേന സാദ്ധ്യമാണ്. |
| (ബി) | സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കുകളെയും ഓൺലൈനിൽ ബന്ധിപ്പിച്ച് ധനവിനിമയവും എ.ടി.എം. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും തമ്മിൽ ഓൺലൈൻ ധനവിനിമയം നിലവിൽ സാദ്ധ്യമാണ്. ATM Debit Card ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. NFS മുഖേന ജില്ലാ സഹകരണ ബാങ്കുകളിലെ ATM സംവിധാനം വഴി ധനവിനിമയം നടത്താൻ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ